DESPATCHED
On..05/06/2020

29/02/2020

സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561603/2332533, Fax: 0471 2330920
Email: sic@kerala.nic.in

**ഹർജി നമ്പർ AP.No.633(4)/2015/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No.4165/SIC-Gen 2/2015**

**സന്നിഹിതൻ**

**ശ്രീ.കെ.വി.സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. ആർ. സുനിൽ,
കറസ്പോണ്ടന്റ്,
മാധ്യമം ദിനപത്രം, ഗാന്ധാരി അമ്മൻ റോഡ്,
തിരുവനന്തപുരം –1. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   അണ്ടർ സെക്രട്ടറി,
   റവന്യൂ (എ) വകുപ്പ്,
   ഗവൺമെന്റ് സെക്രട്ടേറിയറ്റ്,
   തിരുവനന്തപുരം.

2. അപ്പീൽ അധികാരി & അഡീഷണൽ സെക്രട്ടറി,
   റവന്യൂ (എ) വകുപ്പ്,
   ഗവൺമെന്റ് സെക്രട്ടേറിയറ്റ്,
   തിരുവനന്തപുരം.

} എതിർകക്ഷികൾ

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ, ഇടുക്കി ജില്ലയിലെ വട്ടവട കൊട്ടക്കമ്പൂരിൽ, ഇടുക്കി MPയായിരുന്ന ജോയിസ് ജോർജ്ജിന്റെ 'വ്യാജ പട്ടയ'വുമായി ബന്ധപ്പെട്ട അന്വേഷണം സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെട്ടിട്ട് ലഭിച്ചില്ല എന്നതാണ് പരാതി.

2. ഇതുമായി ബന്ധപ്പെട്ട് കമ്മീഷൻ 30.11.18ൽ തിരുവനന്തപുരത്തെ ആസ്ഥാനത്ത് ഹിയറിംഗ് നടത്തി. അപ്പീൽ ഹർജിക്കാരൻ ഹാജരായില്ല. ഒന്നാം എതിർകക്ഷി ഹാജരായി.

3. അപേക്ഷകൻ ചോദിച്ചത് ഇടുക്കി MPയായിരുന്ന ജോയിസ് ജോർജ്ജിന്റെ 'വ്യാജ പട്ടയം' സംബന്ധിച്ചുള്ള അന്വേഷണത്തിന്റെ വിവരങ്ങളായിരുന്നുവെന്നും, അങ്ങനെയൊരന്വേഷണം തന്റെ ഓഫീസിൽ നിന്ന് നടത്തിയിട്ടില്ലെന്നും, നടത്തിയ അന്വേഷണം ഇടുക്കി ജില്ലയിലെ ഭൂമി കൈയ്യേറ്റങ്ങളെ സംബന്ധിച്ചായിരുന്നുവെന്നും ഒന്നാം എതിർകക്ഷി മൊഴി നൽകി. ഈ അന്വേഷണ റിപ്പോർട്ട് അന്ന് മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയിലായിരുന്നുവെന്നും ഒന്നാം എതിർകക്ഷി ഹിയറിംഗിൽ

കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പറഞ്ഞു. ഇടുക്കി ജില്ലയിലെ കൈയ്യേറ്റത്തെപ്പറ്റി തയ്യാറാക്കിയ അന്വേഷണ റിപ്പോർട്ട് ഇപ്പോൾ ലഭ്യമാണെന്നും, അപ്പീൽ ഹർജിക്കാരന് അത് ആവശ്യമുണ്ടെങ്കിൽ നൽകുന്നതിൽ വിരോധമില്ലെന്നും ഒന്നാം എതിർകക്ഷി കൂട്ടിച്ചേർത്തു.

4. ഒന്നാം എതിർകക്ഷിയുടെ മൊഴിയും അനുബന്ധ രേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചു. ടിയാൻ പറയുന്നത് വസ്തുതാപരമായ കാര്യങ്ങളാണെന്ന് കമ്മീഷൻ വിലയിരുത്തുന്നു. അപ്പീൽ ഹർജിക്കാരൻ ഇടുക്കി ജില്ലയിലെ കൈയ്യേറ്റങ്ങൾ സംബന്ധിച്ച അന്വേഷണ റിപ്പോർട്ട് വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിട്ടില്ലാത്ത സാഹചര്യത്തിൽ അത് നൽകേണ്ടതില്ല. ടി റിപ്പോർട്ട് ആവശ്യമുണ്ടെങ്കിൽ, ടിയാന് പുതിയൊരു വിവരാവകാശ അപേക്ഷ നൽകി അത് വാങ്ങാവുന്നതാണെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

5. മേൽപ്പറഞ്ഞ പ്രകാരം അപ്പീൽ ഹർജി ഇന്നേ ദിവസം, 2020 ഫെബ്രുവരി മാസം 29–ാം തീയതി തീർപ്പാക്കി കമ്മീഷൻ ഉത്തരവാകുന്നു.

(ഒപ്പ്)
**കെ.വി.സുധാകരൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

**കമ്മീഷൻ സെക്രട്ടറി**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

gk.

RIGHT TO INFORMATION